# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.12.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) കാലാവസ്ഥാ വ്യതിയാനത്തിൽ നിന്നും, പ്രകൃതി ദുരന്തങ്ങളിൽ നിന്നും കർഷകരെ സംരക്ഷിക്കാൻ, കാർഷിക ശാസ്ത്രജ്ഞർ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**President Droupadi Murmu today called upon agricultural scientists to devise new plans in accordance with the present time to protect the farmers from challenges like natural disasters, climate change and mis-utilisation of natural resources.**

2) പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു. ലോക്സഭ രണ്ട് മണിവരെ നിർത്തിവച്ചു.

**The Lok Sabha has been adjourned till 2 PM following ruckus by the opposition**

3) മഹാരാഷ്ട്ര മുഖ്യമന്ത്രിയായി ദേവേന്ദ്ര ഫഡ്നാവിസ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.

**Senior BJP leader Devendra Fadnavis to be sworn-in as Chief Minister of Maharashtra for third time today.**

4) ഐഎസ്ആർഒ മാറ്റിവച്ച പ്രോബ ത്രീ ദൗത്യത്തിന്റെ വിക്ഷേപണം ഇന്ന്.

**ISRO reschedules launch of European space agency's PROBA-3 spacecraft for today.**

5) ഇന്ത്യ-ഓസ്ട്രേലിയ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഓസ്ട്രേലിയയ്ക്ക് 101 റൺസ് വിജയലക്ഷ്യം.

**In the first ODI of India-Australia Women Cricket series, India bowled out for 100 runs.**

$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**PREZ ODISHA intro**

*കാലാവസ്ഥാ വ്യതിയാനത്തിൽ നിന്നും, പ്രകൃതി ദുരന്തങ്ങളിൽ നിന്നും കർഷകരെ സംരക്ഷിക്കാൻ, കാർഷിക ശാസ്ത്രജ്ഞർ പുതിയ പദ്ധതികൾ ആവിഷ്കരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഭുവനേശ്വറിലെ കാർഷിക – സാങ്കേതിക സർവകലാശാലയുടെ 40-ാമത് ബിരുദ ദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. അത്യാധുനിക ഡ്രോൺ സാങ്കേതികവിദ്യ, നിർമ്മിത ബുദ്ധി , നാനോ സാങ്കേതികവിദ്യ തുടങ്ങിയവ കാർഷിക മേഖലയെയും കർഷകരെയും ശാക്തീകരിക്കാൻ ഉപയോഗിക്കണമെന്നും ശ്രീമതി മുർമു ചൂണ്ടിക്കാട്ടി. ബിരുദം കരസ്ഥമാക്കിയ വിദ്യാർത്ഥികളുടെ കഠിന പരിശ്രമത്തെയും രാഷ്ട്രപതി പ്രശംസിച്ചു.*

*(ഹോൾഡ്)*

*ഭുവനേശ്വരിലെ പുതിയ കോടതി സമുച്ചയത്തിൻറെ ഉദ്ഘാടനവും രാഷ്ട്രപതി ഇന്ന് നിർവഹിക്കും. ഒഡീഷയിലെ തന്റെ ജന്മസ്ഥലമായ ഉപർബേഡ ഗ്രാമം ശ്രീമതി മുർമു നാളെ സന്ദർശിക്കും. റായിരംഗ്പൂരിലെ മഹിളാ മഹാവിദ്യാലയം സന്ദർശിക്കുന്ന രാഷ്ട്രപതി വിദ്യാർത്ഥികളുമായി സംവദിക്കും.*

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-2**

**PARLIAMENT**

പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു. ലോക്സഭാ നടപടികൾ രണ്ട് മണിവരെ നിർത്തിവച്ചിരിക്കുകയാണ്. 12 മണി വരെ നിർത്തിവച്ച രാജ്യസഭ പിന്നീട് പുനരാരംഭിച്ചു. ദേശീയ താത്പര്യത്തിന് വിരുദ്ധമായ ഇടപെടലുകൾ വിദേശത്തുനിന്നും ഉണ്ടാകുന്നതായി ചൂണ്ടിക്കാട്ടിയ ബിജെപി എംപി സുധാൻഷു ത്രിവേദിയ്ക്ക് നിശ്ചിത സമയത്തിലുമധികം സംസാരിക്കാൻ സഭാധ്യക്ഷൻ സമയം അനുവദിച്ചതിനെതിരെയായിരുന്നു പ്രതിപക്ഷ പ്രതിഷേധം. റെയിൽവേ ഭേദഗതി ബിൽ 2024 രാജ്യസഭ ഇന്ന് പരിഗണിക്കും. കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അവതരിപ്പിച്ച ബിൽ ഇന്നലെ ലോക്സഭ ചർച്ച ചെയ്തിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## OPPOSITION-PROTEST

ഒരു പ്രമുഖ ബിസിനസ് ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണം സംയുക്ത പാർലമെന്ററി സമിതി അന്വേഷിക്കണമെന്നാവശ്യപ്പെട്ട് പാർലമെന്റ് പരിസരത്ത് പ്രതിപക്ഷ പ്രതിഷേധം. ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും, കോൺഗ്രസ്, ഡിഎംകെ, ആർജെഡി തുടങ്ങി വിവിധ പ്രതിപക്ഷ പാർട്ടികളിലെ എംപിമാരും പാർലമെന്റ് മന്ദിരത്തിൽ നടന്ന പ്രതിഷേധ മാർച്ചിൽ പങ്കെടുത്തു. അതിനിടെ, പ്രതിഷേധം നാടകമാണെന്ന് പറഞ്ഞ കേന്ദ്രമന്ത്രി ഗിരിരാജ് സിങ് പ്രതിപക്ഷത്തിനെതിരെ രൂക്ഷ വിമർശനം ഉയർത്തി.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## LS - AIRPORT

രാജ്യത്തുടനീളം 157 വിമാനത്താവളങ്ങൾ നിലവിൽ പ്രവർത്തനക്ഷമമാണെന്ന് കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു . 2014ൽ 74 വിമാനത്താവളങ്ങൾ മാത്രമാണ് പ്രവർത്തനക്ഷമമായിരുന്നതെന്നും, പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാർ രാജ്യത്തുടനീളം വിമാനത്താവള ശൃംഖല വിപുലീകരിച്ചതായും അദ്ദേഹം ലോക്സഭയിൽ ചോദ്യത്തിന് മറുപടിയായി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

## Maharashra

മഹാരാഷ്ട്ര മുഖ്യമന്ത്രിയായി മുതിർന്ന ബിജെപി നേതാവ് ദേവേന്ദ്ര ഫഡ്നാവിസ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. മുംബൈ ആസാദ് മൈതാനിൽ വൈകുന്നേരം 5.30 ന് നടക്കുന്ന ചടങ്ങിൽ ഗവർണർ സി.പി രാധാകൃഷ്ണൻ സത്യവാചകം ചൊല്ലിക്കൊടുക്കും. മൂന്നാം തവണയാണ് ദേവേന്ദ്ര ഫഡ്നാവിസ് മഹാരാഷ്ട്ര മുഖ്യമന്ത്രിയാവുന്നത്.

പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്രമന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കളും സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കും. 288 ൽ 230 സീറ്റുകളിൽ വിജയിച്ചാണ് ബിജെപി-ശിവസേന-എൻ.സി.പി സഖ്യം മഹാരാഷ്ട്രയിൽ ഭരണത്തിലെത്തുന്നത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**BHUTAN KING - INDIA**

ഭൂട്ടാൻ രാജാവ് ജിഗ്മേ കേസർ നമ്ഗേൽ വാങ്ചുക്കും രാജ്ഞി ജെറ്റ്സുൻ പേമ വാങ്ചുക്കും രണ്ട് ദിവസത്തെ സന്ദർശനത്തിനായി ന്യൂ ഡൽഹിയിലെത്തി. വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇരുവരെയും വിമാനത്താവളത്തിൽ സ്വീകരിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഭൂട്ടാൻ രാജാവ് കൂടിക്കാഴ്ച നടത്തും. ഇന്ത്യയ്ക്കും ഭൂട്ടാനുമിടയിലുള്ള ഉഭയകക്ഷി സഹകരണം വിലയിരുത്താനും, സൗഹൃദം ശക്തമാക്കാനും സന്ദർശനം വഴിയൊരുക്കും .

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

**ISRO - PROBA 3**

ഐഎസ്ആർഒ മാറ്റിവച്ച പ്രോബ ത്രീ ദൗത്യത്തിന്റെ വിക്ഷേപണം ഇന്ന് നടക്കും. യുറോപ്യൻ സ്പേസ് ഏജൻസി പേടകമായ പ്രോബ-3 യിൽ ചില സാങ്കേതിക തകരാറുകൾ കണ്ടെത്തിയതിനെ തുടർന്നാണ് ഇന്നലെ നടക്കേണ്ടിയിരുന്ന വിക്ഷേപണം ഇന്ന് വൈകുന്നേരം 4.12 ലേക്ക് മാറ്റിയത്. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നും പി എസ് എൽ വി C- 59 റോക്കറ്റാണ് പ്രോബ ദൗത്യത്തെ ഭ്രമണ പഥത്തിൽ എത്തിക്കുക.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**ASSAM - CM**

ഹോട്ടലുകൾ അടക്കമുള്ള പൊതു ഇടങ്ങളിലും, പൊതു പരിപാടികളിലും ബീഫ് ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തി അസം സർക്കാർ. മുഖ്യമന്ത്രി ഹിമന്തബിശ്വ ശർമ്മയുടെ അധ്യക്ഷതയിൽ ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. ക്ഷേത്രങ്ങളുടെ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ അസം സർക്കാർ മുൻപ് തന്നെ ബീഫ് നിരോധനം ഏർപ്പെടുത്തിയിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**SC JUDGE – JUSICE MANMOHAN**

സുപ്രീം കോടതി ജഡ്ജിയായി ജസ്റ്റിസ് മൻമോഹൻ സത്യപ്രതിജ്ഞ ചെയ്തു. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന സത്യവാചകം ചൊല്ലിക്കൊടുത്തു.സുപ്രീം കോടതി കൊളീജിയം നൽകിയ ശിപാർശ പ്രകാരം ചൊവ്വാഴ്ചയാണ് ജസ്റ്റിസ് മൻമോഹനെ സുപ്രീം കോടതി ജഡ്ജിയായി നിയമിക്കുന്നതിന് കേന്ദ്രം അനുമതി നൽകിയത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**SABARIMALA (INTRO)**

***ശബരിമല തീർഥാടകർക്ക് അറിയേണ്ട എല്ലാ വിവരങ്ങളും വിരൽത്തുമ്പിൽ ലഭ്യമാക്കി പത്തനംതിട്ട ജില്ലാ പോലീസ്. ക്യൂ ആർ കോഡ് സ്കാൻ ചെയ്താണ് തീർഥാടകർക്ക് വിവരങ്ങൾ അറിയാനാകുക.***

***വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...........***

(ഹോൾഡ് – വോയിസ്)

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**LDF MARCH**

കേരളത്തെ കേന്ദ്ര സർക്കാർ അവഗണിക്കുന്നതായി ആരോപിച്ച് എൽഡിഎഫ് രാജ്ഭവനിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ മാർച്ച് ഉദ്ഘാടനം ചെയ്തു കേരളത്തിന്റെ വികസനത്തെ തടസ്സപ്പെടുത്തുന്ന നിലപാടാണ് കേന്ദ്രം കൈക്കൊള്ളുന്നതെന്ന് അദ്ദേഹം ആരോപിച്ചു. സിപിഐ നേതാവ് പന്ന്യൻ രവീന്ദ്രൻ, വിവിധ ഘടക കക്ഷി നേതാക്കൾ തുടങ്ങിയവർ മാർച്ചിൽ പങ്കെടുത്തു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**PB CEO MEET**

മഹാകുംഭമേളയുടെ സംപ്രേക്ഷണം സംബന്ധിച്ച് പ്രസാർ ഭാരതി സിഇഒ ഗൗരവ് ദ്വിവേദി ആകാശവാണി, ദൂരദർശൻ മേധാവികളുമായി ചർച്ച നടത്തി. ആകാശവാണി ഡയറക്ടർ ജനറൽ പ്രഗ്യാ പലിവാൾ, ദൂരദർശൻ ഡയറക്ടർ ജനറൽ കാഞ്ചൻ പ്രസാദ്, ദൂരദർശൻ ന്യൂസ് ഡയറക്ടർ ജനറൽ പ്രിയ കുമാർ എന്നിവർ പ്രയാഗ്‌രാജിൽ നടന്ന കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

## WOMEN CRICKET- AUS IND

ബ്രിസ്ബേനിൽ നടക്കുന്ന ഇന്ത്യ-ഓസ്ട്രേലിയ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഓസ്ട്രേലിയയ്ക്ക് 101 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ 34.2 ഓവറിൽ 100 റൺസിന് പുറത്തായി. ഓസീസിന് വേണ്ടി മേഗൻ ഷൂട്ട് 5 വിക്കറ്റുകൾ വീഴ്ത്തി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഓസ്ട്രേലിയ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 7 റൺസ് എന്ന നിലയിലാണ്

$$$$$$$$$$$$$$$$$$$$$$$$$$$$$$

## I S L

ഐ.എസ്.എൽ ഫുട്ബോളിൽ ഒഡിഷ എഫ്.സി, മുംബൈ സിറ്റിയുമായി ഏറ്റുമുട്ടും. വൈകുന്നേരം 7.30-ന് ഭുവനേശ്വരിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## WORLD CHESS CHAMPIONSHIP

ലോക ചെസ്സ് ചാമ്പ്യൻഷിപ്പിൽ ചൈനീസ് ലോക ചാമ്പ്യൻ ഡിങ് ലിറെനും ഇന്ത്യയുടെ ഡി ഗുകേഷും തമ്മിലുള്ള ഒൻപതാം മത്സരം ഇന്ന് . എട്ടാം മത്സരവും സമനിലയിൽ ആയതോടെ ഇരുവരും നാല് പോയിൻറ് വീതമാണ് നേടിയിരിക്കുന്നത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## STOCK/GOLD

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 646 പോയിന്റ് നേട്ടത്തിൽ 81,602 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 167 പോയിന്റ് നേട്ടത്തിൽ 64,635 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണ വില ഉയർന്നു. പവന് 80 രൂപ വർദ്ധിച്ച് 57,120 രൂപയും ഗ്രാമിന് 7140 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**PM-HORNBILL**

നാഗാലാൻഡിലെ ഹോൺബിൽ ഫെസ്റ്റിവൽ ഇരുപത്തിയഞ്ച് വർഷം പൂർത്തിയാക്കുന്നതിൽ ജനങ്ങൾക്ക് ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ വർഷത്തെ ഫെസ്റ്റിവൽ മാലിന്യ സംസ്കരണത്തിലും സുസ്ഥിരതയിലും ശ്രദ്ധ കേന്ദ്രീകരിച്ചതിൽ പ്രധാനമന്ത്രി സന്തോഷം പ്രകടിപ്പിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**DMRC - BLUE LINE**

ഡൽഹി മെട്രോയുടെ ബ്ലൂ ലൈൻ ട്രെയിൻ സർവീസുകൾ ഇന്ന് നിയന്ത്രിത വേഗതയിലാണ് സഞ്ചരിക്കുകയെന്ന് DMRC അറിയിച്ചു . മെട്രോയുടെ സിഗ്നലിംഗ് കേബിളുകൾക്ക് കേടുപാടുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിലാണ് നിയന്ത്രണം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**TRUMP - ATKINS NOMINATION**

യുഎസ് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമ്മീഷൻ്റെ മുൻ കമ്മീഷണർ പോൾ അറ്റ്കിൻസിനെ ഏജൻസിയുടെ ചെയർമാനായി നാമനിർദ്ദേശം ചെയ്ത് നിയുക്ത യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് . റിസ്ക് മാനേജ്മെന്റ് കൺസൽട്ടൻസിയായ പാറ്റോമാക് ഗ്ലോബൽ പാർട്ണേഴ്സിന്റെ സ്ഥാപകനും സിഇഒയുമാണ് പോൾ അറ്റ്കിൻസ് .

$$$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$$$$$$